(ബി) ഉപകരണങ്ങൾ വാങ്ങുമ്പോൾത്തന്നെ സപ്ലൈ ചെയ്യുന്ന കമ്പനിയുമായി ഉപകരണങ്ങൾ നന്നാക്കുന്നതിന് കരാറിൽ ഏർപ്പെടാറുണ്ട്. അറ്റകുറ്റപ്പണികൾക്കായി കമ്പനികളെ അറിയിക്കുകയും അവർ യഥാസമയം വന്ന് അറ്റകുറ്റപ്പണികൾ തീർക്കുകയും ചെയ്യുന്നു.

(സി) സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 70/2003/ആ.കു.വ.തീയതി 7-1-2003 പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് രോഗ നിർണ്ണയത്തിനാവശ്യമായ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 150 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(ഡി) ദർഘാസ് ക്ഷണിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. യന്ത്രോപകരണങ്ങൾ വാങ്ങാത്തതിനാൽ പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

(ഇ) ബാധകമല്ല.

മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ ഡോക്ടർമാരുടേയും മറ്റ് അനുബന്ധ സ്റ്റാഫിന്റെയും ഒഴിവുകൾ നികത്തുന്നതിന് നടപടി

155 (4590) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ അരീക്കോട്, കീച്ചേരി, പുല്പറ്റ, കാവനൂർ എന്നീ ആശുപത്രികളിൽ ഡോക്ടർമാരുടേയും മറ്റ് അനുബന്ധ സ്റ്റാഫിന്റേയും കുറവു കാരണം ചികിത്സയ്ക്കെത്തുന്നവരുടെ ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ഡോക്ടർമാരുടേയും നഴ്സുമാരുടേയും മറ്റ് സ്റ്റാഫിന്റേയും ആകെ എത്ര ഒഴിവുകൾ വീതമാണുള്ളത് ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നാളിതുവരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി എന്നത്തേക്ക് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നിലവിൽ ഈ പറഞ്ഞ സ്ഥാപനങ്ങളിൽ ഡോക്ടർമാരുടേയും നേഴ്സുമാരുടേയും ഒഴിവുകൾ ഇല്ല. എന്നാൽ മറ്റ് വിഭാഗങ്ങളിൽ ചില ഒഴിവുകൾ ഉണ്ട്.

മറ്റ് ജീവനക്കാരുടെ താഴെപ്പറയുന്ന 11 ഒഴിവുകൾ ഉണ്ട് :

1.	ഹോസ്പിറ്റൽ അറ്റൻഡർ-ഗ്രേഡ് 2	..	3
2.	പാർട്ട് ടൈം സ്വീപ്പർ	..	2
3.	ജൂനിയർ ഹെൽത്ത് ഇൻസ്പെടക്ടർ	..	3

LIBRARY ARCHIVES Kerala Legislative Assembly

4.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	..	1
5.	ഡ്രൈവർ	–	1
6.	ക്ലാർക്ക്	..	1
	ആകെ	..	11

(സി&ഡി) ഉണ്ട്. ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ ദിവസക്കൂലി അടിസ്ഥാനത്തിൽ നികത്തിയിട്ടുണ്ട്. ഡ്രൈവർ തസ്തിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് പി.എസ്.സി. നിയമന ശുപാർശ നടത്തിയവരുടെ ലിസ്റ്റിൽനിന്നും ആളെ നിയമിക്കുന്നതിനുള്ള നടപടി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിച്ചു വരുന്നു. ക്ലാർക്ക്, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകൾ നികത്തുന്നതിലേക്കായി നടപടി സ്വീകരിച്ചുവരുന്നു.

തലശ്ശേരി ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ

156 (4591) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) തലശ്ശേരി ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട് ; ഇവയിൽ ഒഴിവുള്ളവ എത്ര ;

(ഡി) സർജറി വിഭാഗത്തിൽ എത്ര ഒഴിവുകളുണ്ട് ;

(ഇ) തലശ്ശേരി ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ (റീ-പ്ലാസ്റ്ററിംഗ്), ഇലക്ട്രിക്കൽ വയറിംഗ് എന്നീ ജോലികൾ നടന്നു വരുന്നു.

(സി) 39 ഡോക്ടർമാരുടെ തസ്തിക നിലവിലുണ്ട്. ഇവയിൽ 2 ഡോക്ടർമാരുടെ ഒഴിവുണ്ട്.

(ഡി) ഒരു ഒഴിവുണ്ട്.

(ഇ) ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. ഒഴിവുള്ള സർജറി, അനസ്തേഷ്യ എന്നീ തസ്തികകളിലേക്ക് മറ്റു സ്ഥാപനങ്ങളിൽനിന്ന് ഡോക്ടർമാരെ മാറ്റിനിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly